പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3327 | 24/02/2016-ൽ മറുപടിക്ക്

## സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ശ്രീമതി സുമയുടെ അപേക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിൽ തൃശ്ശൂർ സെന്റർ സർക്കിളിന്റെ പരിധിയിൽ വരുന്ന ചാർപ്പ റെയിഞ്ചിൽ പാർട്ട്ടൈം സ്വീപ്പറായി ജോലി നോക്കി വരവെ 24.02.2010- ൽ അന്തരിച്ച റീനയുടെ മകൾ സുമയ്ക്ക് ''സമാശ്വാസ തൊഴിൽദാന പദ്ധതി '' പ്രകാരം ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) വനം വകുപ്പിൽ സേവനത്തിലിരിക്കെ അന്തരിച്ച റീനയുടെ മകൾ ശ്രീമതി.സുമയ്ക്ക് ''സമാശ്വാസ തൊഴിൽദാന പദ്ധതി '' പ്രകാരം ജോലി ലഭ്യമാക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 06.04.2015- ൽ സമർപ്പിച്ച അപേക്ഷയിന്മേൽ തൃശ്ശൂർ ജില്ലാകളക്ടറുടെ വിശദമായ അന്വേഷണ റിപ്പോർട്ട് 21.04.2015-ൽ സർക്കാർ ആവശ്യപ്പെട്ടിരിക്കയാണ്. |
| (ബി) വാഴച്ചാൽ ഗിരിജൻ കോളനി നിവാസിയും പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെട്ട നിർധന കുടുംബാംഗയുമായ ശ്രീമതി.സുമയുടെ അപേക്ഷ അടിയന്തര മായി പരിഗണിക്കുന്നതിനും 6 വർഷക്കാലമായി അപേക്ഷ നൽകി കാത്തിരിക്കുന്ന സുമയുടെ ന്യായമായ അവകാശം പരിഗണിച്ച് സമാശ്വാസ നിയമനം നൽകുന്നതിനും സത്വര നടപടി സ്വീകരിക്കുമോ? | (ബി) ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**